"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പാക്കുന്നതിന് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.651/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1 സ.ഉ.(അച്ചടി) നം. 65/2018/തസ്വഭവ തീയതി 13/08/2018

2. സ.ഉ.(സാധാ) നം.1967/2020/തസ്വഭവ തീയതി 20/10/2020

3. സ.ഉ.(സാധാ) നം.2307/2021/തസ്വഭവ തീയതി 18/11/2021

4 NGT O.A. 606/2018 കേസിൽ 01.12.2022-ലെ ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ്

5. സ.ഉ.(സാധാ) നം.2341/2022/തസ്വഭവ തീയതി 26/09/2022

6. W.P.(C) 7844/ 2023 കേസിൽ 21.03.2023-ലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ്

7 സ.ഉ.(സാധാ) നം.2231/2023/തസ്വഭവ തീയതി 12/11/2023

8 സ.ഉ.(സാധാ) നം.337/2024/തസ്വഭവ തീയതി 09/02/2024

**<u>ഉത്തരവ്</u>**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവ മാലിന്യ വാതിൽപ്പടി ശേഖരണത്തിന്റെ ഡിജിറ്റൽ മോണിറ്ററിങ്ങിനായി പരാമർശിത ഉത്തരവുകൾ പ്രകാരം ഹരിതമിത്രം അപ്ലിക്കേഷൻ ഉപയോഗിച്ച് വരികയാണ്. 2024-ൽ കെൽട്രോൺ മുഖേന വികസിപ്പിച്ച നടപ്പിലാക്കിയ ഈ ആപ്ലിക്കേഷന്റെ നടത്തിപ്പ് ചുമതല പരാമർശം 8 പ്രകാരം ഇൻഫർമേഷൻ കേരളം മിഷന് (ഐ.കെ.എം) കൈമാറി. നിലവിൽ ഹരിതമിത്രം 2.0 എന്ന പരിഷ്കരിച്ച പതിപ്പാണ് സംസ്ഥാനത്തെ 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നത്. ശേഷിക്കുന്ന 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭാഗികമായോ പൂർണമായോ സ്വകാര്യ ആപ്ലിക്കേഷനുകളാണ് ഉപയോഗിച്ച് വരുന്നത്.

2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണവും നിരീക്ഷണ ചുമതലയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇതിലെ ചട്ടം 11 അനുസരിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി ഒരു സമഗ്ര നയം സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2018-ലെ

കേരള ഖര മാലിന്യ പരിപാലന നയം പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും സർക്കാരിന്റെ വിവിധ തലങ്ങളിലും നടക്കുന്ന മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ നിരന്തര അവലോകനവും വിലയിരുത്തലും നടത്തേണ്ടത് അനിവാര്യമാണ്. ഇതിലേക്ക് സമഗ്രമായ വിവരശേഖരണ സംവിധാനം ഉറപ്പാക്കേണ്ടതുണ്ട്.

പരാമർശം 4 ലെ ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ മാലിന്യ സംസ്കരണത്തിന്റെ ആസൂത്രണം, ശേഷി വർദ്ധിപ്പിക്കൽ, നിരീക്ഷണം എന്നിവയ്ക്കായി ഒരു കേന്ദ്രീകൃത ഏകജാലക സംവിധാനം സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനുവേണ്ടി കൃത്യവും സമഗ്രവുമായ റിപ്പോർട്ടുകൾ സമർപ്പിക്കാൻ ട്രിബ്യൂണൽ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പരാമർശം 6 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും മാലിന്യ സംസ്കരണ സേവനങ്ങളുടെ നിരീക്ഷണത്തിനു വേണ്ടി ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം സംവിധാനമായി ഹരിതമിത്രം ആപ്ലിക്കേഷനെ മാറ്റുമെന്ന സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ലഭ്യമായ സൗകര്യങ്ങളെ സംബന്ധിച്ചും ഓരോ പ്രദേശങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന പാഴ് വസ്തുക്കളെ സംബന്ധിച്ചും കൃത്യമായ കണക്കുകൾ ലഭ്യമാക്കുക എന്നത് വളരെ പ്രധാനമാണ്. കണക്കുകളിലേയും വിവരങ്ങളിലേയും സമഗ്രതയും, കൃത്യതയും, നടപടി ക്രമങ്ങളിലെ സുതാര്യതയും ഉറപ്പു വരുത്തേണ്ടതും അനിവാര്യമാണ്. സംസ്ഥാനത്തെ ചുരുങ്ങിയ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും വ്യത്യസ്ത ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതും, ചില തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ ഒരു സംവിധാനവും ഇല്ലാതിരിക്കുന്നതും സർക്കാരിന്റെ മേൽപ്പറഞ്ഞ ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും നിലവിൽ കെ-സ്മാർട്ട് ആപ്ലിക്കേഷൻ മുഖേന നൽകി വരുന്ന സാഹചര്യത്തിൽ, മാലിന്യ പരിപാലനത്തിനുപയോഗിക്കുന്ന ഹരിതമിത്രം അപ്ലിക്കേഷനെ കെ-സ്മാർട്ടുമായി ബന്ധിപ്പിക്കേണ്ടതും ആവശ്യമാണ്. പരമാവധി ഉപഭോക്താക്കളെ ഹരിതമിത്രത്തിന്റെ പരിധിയിൽ കൊണ്ടുവരിക, മാലിന്യ പരിപാലനത്തിനുള്ള യൂസർ ഫീ ശേഖരണം കാര്യക്ഷമമാക്കുക, നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളെ കൂടി മുന്നിൽ കണ്ടുകൊണ്ടാണ് ഹരിതമിത്രം 2.0 അപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്. മാത്രമല്ല, സ്വകാര്യ ആപ്ലിക്കേഷനുകളിലെ വിവരങ്ങൾ അടിസ്ഥാനമാക്കി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതികവും നിയമപരവുമായ ബുദ്ധിമുട്ടുകൾ നേരിടുന്നുമുണ്ട്.

ഹരിതമിത്രം ആപ്ലിക്കേഷൻ ഐ.കെ.എമ്മിലൂടെ നടപ്പിലാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിന്റെ നടത്തിപ്പിലേക്കായി ഐ.കെ.എമ്മിനോ മറ്റേതെങ്കിലും ഏജൻസികൾക്കോ ഏതെങ്കിലും തരത്തിലുള്ള ഫീസുകൾ നൽകുന്നത് വഴിയുള്ള അധിക സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകുന്നില്ല എന്നതും ശ്രദ്ധേയമാണ്. QR കോഡ് പുതിയതായി പതിപ്പിക്കുന്നുണ്ടെങ്കിൽ അതിന് മാത്രം ആവശ്യമായ ചെലവുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടത്. പരാമർശം 3 & 5 പ്രകാരം ഹരിതമിത്രം നടപ്പിലാക്കുന്നതിന്

ആവശ്യമായ തുകകൾ ചെലവഴിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ്.

മേൽ വസ്തുതകൾ സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹരിതമിത്രം ആപ്ലിക്കേഷൻ നിലവിൽ ഉപയോഗിക്കാത്ത 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതമിത്രം നടപ്പിലാക്കണമെന്നും, ഏതെങ്കിലും സ്വകാര്യ ഏജൻസി അവരുടെ ആപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ട് മാലിന്യ പരിപാലന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെങ്കിൽ ഹരിതമിത്രം ഉപയോഗിച്ചുകൊണ്ട് അവ ലഭ്യമാക്കേണ്ടതാണെന്നും, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യ ഏജൻസികളുമായി ഏതെങ്കിലും തരത്തിലുള്ള കരാറുകളിൽ ഏർപ്പെടുകയാണെങ്കിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിക്കണമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശം നല്കി ഉത്തരവാകുന്നു.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതമിത്രം നടപ്പാക്കുന്ന പ്രക്രിയ**2026 മാർച്ച് 31** ന മുമ്പായി പൂർത്തിയാക്കേണ്ടതാണ്. ഈ സമയക്രമം പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ട ചുമതല പ്രിൻസിപ്പൽ ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ-ഇൻഫർമേഷൻ കേരള മിഷൻ,എക്സിക്യൂട്ടീവ് ഡയറക്ടർ-ശുചിത്വ മിഷൻ എന്നിവർ സംയുക്തമായി നിർവഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vinod Kumar. V
Date: 10-03-2026 11:15:03
സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്